DESPATCHED
On 05/06/2020



30/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2332588, ഫാക്സ്: 0471 2561603
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2760(4)/2014/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.16857/*എസ്.ഐ.സി–ജി 2/2014*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. സി. വിജയചന്ദ്രൻ,<br>മുടയൻ വിളാകത്തുവീട്,<br>കരിച്ചൽ, പുല്ലുവിള പി.ഒ,<br>തിരുവനന്തപുരം– 695 526. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഹെഡ്മിസ്ട്രസ്,<br>ഗവൺമെന്റ് എൽ.പി.എസ്, മുട്ടയ്ക്കാട്.<br><br>2. അപ്പീൽ അധികാരി &<br>അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ,<br>അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്,<br>ബാലരാമപുരം, തിരുവനന്തപുരം. | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ടിയാന്റെ സർവീസ് സംബന്ധമായ ചില വിവരങ്ങൾ അറിയുന്നതിന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് നിയമപരമായതോ, കൃത്യമായതോ ആയ മറുപടി ലഭിച്ചില്ലെന്നു പരാതിപ്പെട്ടാണ് ടിയാൻ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 04.12.2014 ൽ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 09.12.2014 ൽ രണ്ടാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു. "ശ്രീ. വിജയചന്ദ്രൻ (അപ്പീൽ ഹർജിക്കാരൻ) 30.10.2014 ൽ ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷന് നൽകിയ പരാതിയിൻ പ്രകാരം 28.09.2014 ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അദ്ദേഹത്തിന്റെ പരാതിയൊന്നും ലഭിച്ചിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു. 28.09.2014 ലെ ശ്രീ. വിജയചന്ദ്രന്റെ പരാതി ലഭ്യമായാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്" എന്നാണ് റിപ്പോർട്ടിൽ പറഞ്ഞത്.

3. ഇതിനുശേഷം 09.01.2020 ൽ കമ്മീഷൻ തിരുവനന്തപുരത്ത് കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

4. നിയമപരമായല്ല എസ്.പി.ഐ.ഒ തനിക്ക് മറുപടി നൽകിയതെന്ന് അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു. ഇതിന് എന്തെങ്കിലും മറുപടിയോ വിശദീകരണമോ നൽകാൻ ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിക്കു കഴിഞ്ഞില്ല.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി നിയമപരമായ രീതിയിലല്ല മറുപടി നൽകിയതെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. 25.08.2014 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾക്ക് ഫീസടക്കാൻ ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ടത് 27.09.2014 ലാണ്. ഇത് ശരിയായ നടപടിയല്ല. രേഖകളാവശ്യമുണ്ടെങ്കിൽ, അതടക്കമുള്ള വിവരങ്ങൾ അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ അപേക്ഷകന് നൽകണമെന്നാണ് വിവരാവകാശ നിയമം അനുശാസിക്കുന്നത്. പണം അടയ്ക്കാൻ ആവശ്യപ്പെടുമ്പോൾ, ആവശ്യപ്പെട്ട രേഖകൾ എത്രപേജ് വരുമെന്നും, പേജൊന്നിന് രണ്ടുരൂപാ ക്രമത്തിൽ എത്ര രൂപ അടയ്ക്കണമെന്നും വ്യക്തമായി പറയേണ്ടതുണ്ട്. ഒപ്പം പണം അടയ്ക്കുന്നതിനുള്ള ഹെഡ് ഓഫ്

അക്കൗണ്ടും ഈ കത്തിൽ കാണിക്കേണ്ടതാണ്. അതുപോലെ പണമടച്ച് 30 ദിവസത്തിനുള്ളിൽ രേഖകൾ അപേക്ഷകന് നൽകാൻ കഴിയുന്ന വിധത്തിലായിരിക്കണം ടിയാന് അറിയിപ്പു നൽകേണ്ടത്.

6. ഇവിടെ ഒന്നാം എതിർകക്ഷി ഈ വിധത്തിലൊന്നും മറുപടി നൽകിയതായി കാണുന്നില്ല. ഇത് കുറ്റകരവും നടപടി ആവശ്യപ്പെടുന്നതുമാണ്. വിവരാവകാശ അപേക്ഷ നൽകിയ ഘട്ടത്തിലെ എസ്.പി.ഐ.ഒ യാണ് ഇക്കാര്യത്തിൽ കുറ്റകരമായി പ്രവർത്തിച്ചിരിക്കുന്നത്.

7. അതുകൊണ്ട്, വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് നിയമപരമല്ലാതെയും, അത്യന്തം ലാഘവത്വത്തോടെയും മറുപടി നൽകിയതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യിൽ നിന്ന് വിശദീകരണം വാങ്ങി കമ്മീഷന് നൽകുന്നതിന്റെ ഉത്തരവാദിത്വം നിലവിലെ എസ്.പി.ഐ.ഒ യ്ക്കാണെന്നും കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. ഒപ്പം, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ടിയാന് പൂർണമായും സൗജന്യമായി രണ്ടാഴ്ചയ്ക്കുള്ളിൽ നൽകേണ്ടതാണെന്നും നിർദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 30.01.2020 ന് താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re